
# ബൈബിൾ ട്രൂത്ത്



# നവ വത്സരാശംസകൾ

സത്യനാദം ശ്രോതാക്കൾക്കും ബൈബിൾ ട്രൂത്ത് വായനക്കാർക്കും ഞങ്ങളുടെ ഏവരുടെയും ഹൃദയം നിറഞ്ഞ ആശംസകൾ ക്രിസ്തുവിന്റെ നാമത്തിൽ അർപ്പിക്കുന്നു. ദൈവം നിങ്ങളെ അതിശയകരമായി അനുഗ്രഹിക്കേണ്ടതിന്ന് ഒരുക്കത്തോടെ പുതുക്കത്തോടെ ജീവിക്കുക.

എഡിറ്റർ

---


# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

**P K. VARGHESE** — **J C CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol 6** — **December 1992** — **No. 9**

## എഡിറേറാറിയൽ

ഇന്നു ലോകത്തിൽ കാണപ്പെടുന്ന ആഗോള പ്രതിഭാസമാണ് അനുകരണം. ആധുനിക മനുഷ്യൻ തന്റെ ജീവിതശൈലി മാററി മാററിക്കൊണ്ടിരിക്കുകയാണല്ലൊ. ദിനചര്യകളിൽ, ആഹാരത്തിൽ, വസ്ത്രത്തിൽ, വിദ്യാഭ്യാസത്തിൽ എല്ലാം ഇന്നു മാററങ്ങൾ സാധാരണമാണ്. പക്ഷെ താത്വികമായി മാറാത്ത ചില കാര്യങ്ങൾ ഉണ്ട്. അവയെ കണ്ടില്ലെന്നു നടിക്കുകയോ ഉപേക്ഷയായി വിചാരിക്കയോ ചെയ്യുന്നു. അതു പരിതാപകരം തന്നെ. ലൗകിക ഭ്രമത്തിൽ, ആഡംബരത്തിനായി ദാഹാർത്തരായി എന്തെല്ലാം ചെയ്യുന്നു എന്നു ശ്രദ്ധിക്കുക. പക്ഷെ അവരുടെ ദൈവിക പരിജ്ഞാനമോ, അതു മനസിലാക്കാനുള്ള ആഗ്രഹമോ കാണാതിരിക്കുമ്പോൾ അതു ദുഃഖമുളവാക്കും. കാരണം ധാർമ്മികമായി ശരിയായ അനുകരണമോ അനുസരണമോ ഇല്ലാതെ മാനസികമായും ശാരീരികമായും ആത്മികമയും ആളുകൾ തരം താഴ്ന്നു പോകുന്നു. ഇതിനെതിരെ ആത്മാർത്ഥതയുള്ള ദൈവസ്നേഹികൾ ഉണരണം. തിരുവെഴുത്തിൽ അടിസ്ഥാനമുറപ്പിച്ച ഏതൊരു വ്യക്തിക്കും ദുഃഖിക്കേണ്ടി വരികയില്ല. വെളിച്ചവും, പരിചയും, ജീവനുമായ വചന പ്രകാരമുള്ള ജീവിതശൈലി പിൻപററുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. അങ്ങനെ നിത്യമായ സന്തോഷം നിങ്ങൾക്കു അനുഭവിക്കാം.

പികെ വർഗീസ്

# പാപം-പാളയത്തിൽ

J. C. ചോട്ട്

യെരിഹോ പട്ടണം പിടിച്ചെടുക്കുവാൻ പോയ യോശുവയും ഇസ്രായേൽ മക്കളും ദൈവ കല്പനകളെ പിൻപററിയതുകൊണ്ട് അവർക്കു ആ പട്ടണത്തെ കൈവശമാക്കുവാൻ സാധിച്ചു. പൊന്നു, വെള്ളി, താമ്രവും ഇരുമ്പും കൊണ്ടുള്ള പാത്രങ്ങൾ എന്നിവ കർത്താവിൻെറ ഭണ്ഡാരത്തിന്നായി എടുക്കുവാനും ബാക്കി എല്ലാം നശിപ്പിക്കുവാനും ദൈവം അവരോട് നിർദ്ദേശിച്ചിരുന്നു (യോശുവ 6:19,24). തുടർന്നു ഒരു ചെറിയ പട്ടണമായ ഹായിക്കെതിരായി പോരാടുവാൻ പോയ ഇസ്രായേലിൻെറ ദയനീയ പരാജയം നാം കാണുന്നുണ്ട്. രണ്ടായിരമോ മൂവായിരമോ ആളുകളെക്കൊണ്ടു നേടാമായിരുന്ന ഒന്നു അവർക്ക് സാധിക്കാതെ പോയി. യോശുവ ഇതറിഞ്ഞപ്പോൾ, അവൻ കർത്താവിൻെറ മുൻപിൽ ചെന്നു കരഞ്ഞു ഈ ശോചനീയമായ അവസ്ഥ അവർക്ക് നേരിടുവാൻ കാരണമെന്തെന്ന് ആരാഞ്ഞു. അതിന്നു കർത്താവ്: ഇസ്രായേൽ തന്നോടു പാപം ചെയ്തു എന്നും പാപം അവരുടെ പാളയത്തിൽ ഉണ്ട് എന്നും പറഞ്ഞു. പ്രശ്നം ആളുകളിൽ എത്തിച്ചു അവരെ ഗോത്രം ഗോത്രമായും വംശം വംശമായും കുടുംബം കുടുംബമായും, കുലം കുലമായും കൂട്ടിവരുത്തി ഓരോ പുരുഷന്മാരോടും അന്വേഷണം നടത്തി ഒടുവിൽ സത്യം പുറത്തു വന്നു. ആഖാനാണ് ശപിക്കപ്പെട്ട വസ്തു എടുത്തത്. ചോദ്യം ചെയ്തപ്പോൾ അവൻ കുററം ഏററു പറഞ്ഞു.

"ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു ബാബിലോന്യ മേലങ്കിയും ഇരുന്നൂറു ശേക്കെൽ വെള്ളിയും അമ്പതു ശേക്കെൽതൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടുമോഹിച്ചു എടുത്തു; അവ തൻെറ കൂടാരത്തിൻെറ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു; വെള്ളി അടിയിൽ ആകുന്നു എന്നു

ഉത്തരം പറഞ്ഞു യോശുവ ദൂതന്മാരെ അയച്ചു : അവർ കൂടാരത്തിൽ ഓടിച്ചെന്നു; കൂടാരത്തിൽ അതും അടിയിൽ വെള്ളിയും കുഴിച്ചിട്ടിരിക്കുന്നതു കണ്ടു. അവർ അവയെ കൂടാരത്തിൽ നിന്നു യോശുവയുടേയും എല്ലാ യിസ്രായേൽ മക്കളുടേയും അടുക്കൽ കൊണ്ടുവന്നു. യഹോവയുടെ സന്നിധിയിൽ വെച്ചു. അപ്പോൾ യോശുവയും എല്ലാ യിസ്രായേലും കൂടെ സേറയിന്റെ പുത്രനായ ആഖാനെ വെള്ളി, മേലങ്കി, പൊൻകട്ടി, അവന്റെ പുത്രന്മാർ, പുത്രിമാർ, അവന്റെ കാള, കഴുത, ആടു, കൂടാരം ഇങ്ങനെ അവനുള്ള സകലവുമായി ആഖോർ താഴ്വരയിൽ കൊണ്ടു പോയി; നീ ഞങ്ങളെ വലെച്ചതു എന്തിന്നു ? യഹോവ ഇന്നു നിന്നെ വലെക്കും എന്നു യോശുവ പറഞ്ഞു. പിന്നെ യിസ്രായേലെല്ലാം അവനെ കല്ലെറിഞ്ഞു, അവരെ തീയിൽ ഇട്ടു ചുട്ടുകളകയും കല്ലെറികയും ചെയ്തു. അവന്റെ മേൽ അവർ ഒരു വലിയ കല്ക്കുന്ന കൂട്ടി; അതു ഇന്നു വരെ ഇരിക്കുന്നു. ഇങ്ങനെ യഹോവയുടെ ഉഗ്രകോപം മാറി; അതു കൊണ്ടു ആ സ്ഥലത്തിന്നു ആഖോർ താഴ്വര എന്നു ഇന്നു വരെ പേർ പറഞ്ഞു വരുന്നു (യോശുവ 7:21 - 26).

നമ്മുടെ നിലവാരമനുസരിച്ച് നോക്കിയാൽ ആ ശിക്ഷ ഇപ്പോൾ അതി കഠിനമായി നമുക്കു തോന്നാം. എന്നാൽ അന്നത്തെ സാഹചര്യം നാം മനസിലാക്കണം. യെരീഹോ പട്ടണം കരസ്ഥമാക്കുവാൻ ദൈവം അവരെ സഹായിച്ചിരുന്നു. പക്ഷെ അവർക്കു വേണ്ടി യാതൊന്നും എടുക്കരുതു എന്ന കർശനമായ നിർദ്ദേശം അവർക്കു കൊടുത്തിരുന്നു. മേലങ്കിയും വെള്ളിയും പൊന്നും തനിക്കായി ആഖാൻ എടുത്തപ്പോൾ അവൻ ദൈവത്തെ അനുസരിക്കാതിരുന്നു. അവന്റെ ഈ പാപം നിമിത്തമാണ് ഇസ്രായേൽ ജനത്തിനു ഹായി പട്ടണത്തിനെതിരായി പോയപ്പോൾ അവർ പരാജയപ്പെട്ടതു. ആഖാന്റെ പാപം കാരണം നൂറുകണക്കിനു ആളുകൾ കൊല്ലപ്പെട്ടു. ജീവനു പകരം ജീവൻ; അവന്റെ കുററം കൊണ്ടു മരിക്കേണ്ടി വന്ന ആളുകൾക്കു പകരമായി ആഖാനും അവന്റെ കുടുംബവും മരിക്കേണ്ടി വന്നതു അനീതിയാണോ ?

ഒരിക്കലുമല്ല. ഒരു മനുഷ്യനു തന്റെ കുടുംബത്തോടുള്ള ഉത്തരവാദിത്വത്തെ കാണിക്കുകയാണ് ഈ പ്രവൃത്തി. ആഖാന്റെ അവിവേകത്തിന്റെ അനന്തരഫലം അവന്റെ കുടുംബം മുഴുവൻ അനുഭവിക്കുകയാണ്. തങ്ങളും ഇതുപോലെ ചെയ്താൽ ഇങ്ങനെ കഠിനമായ ശിക്ഷ അനുഭവിക്കേണ്ടി വരും എന്ന ദൃഷ്ടാന്തം മറ്റുള്ളവർക്കും മനസിലാക്കാം. ദേശം മുഴുവൻ ഇതു ക്ഷേമുളവാക്കും എന്നതിൽ യാതൊരു സംശയവുമില്ല.

വ്യത്യസ്ഥമായ കാലയളവിലും വ്യത്യസ്ഥമായ ഒരു പ്രമാണത്തിൻ കീഴിലുമാണ് നാം ജീവിക്കുന്നത്. നമുക്ക് വേണ്ടി ക്രൂശിൽ മരിച്ച യേശുക്രിസ്തുവിൽ വിശ്വാസികളായി തീർന്ന് നാം അവന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിച്ച നമ്മെ അവൻ തന്റെ സഭയിലേക്ക് ചേർത്തിരിക്കുന്നു. ദൈവ ജനമായ നാം അവന്റെ രാജ്യമായ കർത്താവിന്റെ സഭയിൽ ആയി തീരുമ്പോഴം ഓരോ വ്യക്തിയും വിശുദ്ധരായി കാണണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവ കൃപ ഉദിച്ചുവല്ലൊ; നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തു കൊണ്ടു ഭക്തി കേടും പ്രപഞ്ച മോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവ ഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിന്നു അത് നമ്മെ ശിക്ഷിച്ചു വളർത്തുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽ പ്രവൃത്തിയിൽ ശുഷ്ക്കാന്തിയുള്ളോരു സ്വന്ത ജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിന്ന് തന്നെത്താൻ നമുക്ക് വേണ്ടി കൊടുത്തു (തീത്തോസ് 2:11-12).

തുടർന്നു കർത്താവിന്റെ സഭയെ കുറിച്ച് പൗലൊസ് പറയുന്നു: 'ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്ക് തലയാകുന്നതു പോലെ ഭർത്താവ് ഭാര്യക്ക് തലയാകുന്നു.

എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതു പോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കേണം. ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടു കൂടിയ ജല സ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്തു." തന്റെ വീണ്ടും വരവിൽ കാര്യങ്ങൾ എല്ലാം ഏതുപോലെ ആയിരിക്കും എന്നു ക്രിസ്തു വിവരിക്കുകയുണ്ടായി. "മനുഷ്യ പുത്രൻ തന്റെ ദൂതന്മാരെ അയക്കും, അവർ അവന്റെ രാജ്യത്തിൽ നിന്നു എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളകയും, അവിടെ കരച്ചിലും പല്ലു കടിയും ഉണ്ടാകും. അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും; ചെവിയുള്ളവൻ കേൾക്കട്ടെ (മത്തായി 13:41-43).

മറ്റൊരു രീതിയിൽ പറഞ്ഞാൽ ക്രിസ്തുവിന്നു ഒരു കൂട്ടം ആളുകളുണ്ട്- അവന്റെ സഭയായി അറിയപ്പെടുന്നവർ-അവരെ അവൻ സ്വർഗ്ഗത്തിനായി ഒരുക്കുന്നു. എന്നാൽ അവനെ കേൾക്കുകയോ അനുസരിക്കുകയോ ചെയ്യാത്തവർ പാപത്തിൽ നിന്നും മോചനം പ്രാപിക്കാതിരിക്കുന്നു. അവർ രാജ്യത്തിന്ന് പുറത്തുള്ളവരാണ്. അവരെ അവസാനം നരകത്തിൽ തള്ളിയിടുന്നു. പക്ഷെ വിശ്വസ്തരെ സ്വർഗ്ഗത്തിലേക്ക് എടുക്കുന്നു. ഇതു അവസാന നാളിലെ ന്യായവിധിയിൽ സംഭവിക്കുന്ന കാര്യങ്ങളാണ് (യോഹന്നാൻ 12:48; മത്തായി 25:46).

ക്രിസ്തുവിനെ പ്രതിനിധീകരിക്കേണ്ട ഒരു പ്രാദേശിക ഇടവകയിലെ ദൈവ ജനം ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ ആരാധിക്കയും നല്ല ധാർമ്മിക ജീവിതം നയിക്കയും

എല്ലാ കാര്യങ്ങളിലും അവർ കർത്താവിന്നു വിശ്വസ്തരായിരിക്കയും ചെയ്യുമ്പോൾ അവരിൽ ഒരാൾ ദൈവ കല്പന ലംഘിച്ച് പാപം ചെയ്യുമ്പോൾ എന്തു സംഭവിക്കും ? അതു രഹസ്യവും വ്യക്തി പരവുമായ പാപമാണെങ്കിൽ അയാൾ മാനസാന്തരപ്പെട്ട് ദൈവത്തോട് ക്ഷമായാചന നടത്തണം. തന്റെ തെററ് മററൊരാൾ അറിഞ്ഞുവെങ്കിൽ ചെന്ന് ആ വ്യക്തിയോടും ദൈവത്തോടും മാപ്പ് പറയണം. തന്റെ പാപം പരസ്യമായ ഒന്നാണെങ്കിൽ അയാൾ സഭയിൽ പരസ്യമായിട്ട് ഏററുപറഞ്ഞുകൊണ്ട് ദൈവത്തോട് ഏററു പറയണം. എന്നാൽ ഒരാൾ പാപം തുടർച്ചയായി ചെയ്തുകൊണ്ടിരുന്നാൽ സ്ഥിതി എന്തായിരിക്കും എന്നു നോക്കുക.

അങ്ങനെയുള്ള വ്യക്തിയെ മാനസാന്തരപ്പെടുവാനും തിരിച്ചു വരുവാനും സഭ ഉത്തേജിപ്പിക്കണം. അതനുസരിച്ച് മാനസാന്തരപ്പെടുവാനും . ദൈവേഷ്ടം പ്രവർത്തിപ്പാനും മടിച്ചാൽ ആ വ്യക്തിയുമായുള്ള കൂട്ടായ്മ ഒഴിവാക്കണം. അയാൾ മാനസാന്തരപ്പെട്ട് ദൈവത്തെ അനുസരിക്കുവാൻ തയ്യാറാകുന്നതു വരെ ഇതു തുടരണം (മത്തായി 18:15-27). ഈ വ്യക്തിയുടെ പാപം സഭ ഗണ്യമാക്കാതെ വിട്ടു കളഞ്ഞാൽ എന്തായിരിക്കും സ്ഥിതി ? നിരന്തരം പാപം ചെയ്തു ജീവിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ ഉപേക്ഷ വിചാരിക്കുന്ന സഭ തെററിനു കൂട്ടു നില്ക്കുകയാവും ചെയ്യുക. ഈ കാര്യത്തിൽ കർത്താവ് ചെയ്യുവാൻ ആവശ്യപ്പെടുന്നതു ചെയ്യായ്കയാൽ അവർ പാപം ചെയ്തു എന്നു പറയാം. പിന്നീട്, തെററു തിരുത്താത്തവരെ സഭയിൽ നിലനിർത്തിയാൽ മററുള്ളവർക്കും പാപം ചെയ്യുവാൻ പ്രോത്സാഹനമായി തീരും. മോശമായ മാതൃക കാണിച്ചുകൊടുത്താൽ അതായിരിക്കും ഫലം.

പാപം ചെയ്യുന്നവരെ ന്യായീകരിക്കുന്നവരുണ്ട്. എല്ലാവരും പാപം ചെയ്യുന്നവരാണ്. തെററില്ലാത്തവർ ആരാണ് എന്നെല്ലാം ചോദിക്കുന്നതു കേൾക്കാം. ഒഴിവു കഴിവും ന്യായീകരണവും ദൈവ വചനത്തോടുള്ള ബന്ധത്തിൽ നാം

വിട്ടു കളയണം. പാപം, പാപം തന്നെയാണ്. പാപം പാളയത്തിൽ കണ്ടപ്പോൾ അതിനെ കൈകാര്യം ചെയ്തു. അല്ലെങ്കിൽ പാളയത്തിന് മുഴുവൻ നാശം ഉണ്ടാകുമായിരുന്നു. പാപത്തെ എതിർക്കുവാൻ ദൈവ ജനം കൂട്ടാക്കാതിരുന്നാൽ അനുഗ്രഹം വരുത്തുന്നതിന് പകരം അവർ ദൈവ കോപമായിരിക്കും വരുത്തുന്നതു. അവർ ഇതു പോലെയുള്ള പ്രവൃത്തി ചെയ്തു തങ്ങളുടെ സ്വന്തം കുടുംബാംഗങ്ങളെയും നഷ്ടപ്പെടുത്തും. അവസാനം കർത്താവ് അവരെത്തന്നെയും തള്ളിക്കളയും. കാരണം അവർ പാപത്തെ സഹിച്ചു എന്നതാണ്(1 കൊരിന്ത്യർ 5).

നമ്മുടെ ജീവിതത്തിലും മററുള്ളവരുടെ ജീവിതത്തിലും ചിലപ്പോൾ പാപം മറെച്ചു പിടിക്കാൻ സാദ്ധ്യതയുണ്ട്—പക്ഷെ ദൈവം അതു അറിയുന്നുണ്ട്. ആകയാൽ അവസാനം നാം ദൈവത്തോട് അതിന് കണക്കു പറയേണ്ടി വരും. നിങ്ങളിലുള്ള പാപം ഒരു നാൾ വെളിപ്പെടും എന്നു അറിക (സംഖ്യാ പുസ്തകം 32:23). നാം ദൈവ മുൻപാകെ അംഗീകരിക്കപ്പെടണമെങ്കിൽ നമ്മുടെ ജീവിതത്തിൽ നിന്നും സഭയിൽ നിന്നും പാപത്തെ ഒഴിവാക്കണം. സത്യത്തിനായി നമ്മുടെ ഭാഗം നാം ചെയ്യുമ്പോൾ, ദൈവ നിർദ്ദേശപ്രകാരം നാം പാപത്തെ കൈകാര്യം ചെയ്യുമ്പോൾ, മിക്ക അവസരങ്ങളിലും കുററവാളികളെ മാനസാന്തരപ്പെടുത്തുവാൻ നമുക്ക് കഴിയും. അഥവാ അവരെ ദൈവത്തിങ്കലേക്കു തിരിച്ച് വരുത്തുവാൻ കഴിയും. അപ്രകാരം നാം ചെയ്താൽ നാം വിശുദ്ധരായി തീരും ; സഭയും വിശുദ്ധയായി തീരും; തന്നെയുമല്ല ദൈവം നല്കിയതായ കടമകളെ നിർവ്വഹിച്ച് കൊണ്ട് വളരാനും കഴിയും. കർത്താവിൻെറ വഴി മാത്രമാണ് ശരിയായ വഴി; അതു മാത്രമാണ് ഏക വഴി. രക്ഷിക്കപ്പെടുവാനും സ്വർഗ്ഗത്തിൽ പോകുവാനും ആ ഒരേ ഒരു വഴി മാത്രം നമുക്ക് സ്വീകരിക്കാം.

★

# ഒരപേക്ഷ

പി. മോഹനൻ ചേനോളി

എന്തൊരു കാലക്കേടാണീശ്വരാ.......
ജന്തുസമന്മാരാം മർത്ത്യർ-
ക്കെന്തിനു മേതിനു മറിവില്ല.
സ്വന്തം കാര്യം നേടാൻ പലരും-
ചിന്ത വെടിഞ്ഞു കുതിക്കുമ്പോൾ,
കുററം കണ്ടു വിധിപ്പാനിവിടെ-
തക്കം പാർക്കുന്നൊരു കൂട്ടർ.
അധികാരത്തിൽ കയറുന്നവരും-
കെടു കാര്യങ്ങൾ കാട്ടുമ്പോൾ,
മൗനം പൂണ്ടു നടക്കും ചിലരിൽ-
തന്ത്രമിതെത്ര കുതന്ത്രങ്ങൾ.
ചതിയും കൊലയും തട്ടിപ്പറിയും-
വിളയാട്ടങ്ങൾ പെരുകുമ്പോൾ,
ഭക്തി മൂഴുത്തു ജപിക്കുന്നവരും-
രക്തം തൊട്ടു കളിക്കുന്നു.
സന്ധ്യാനാമ ജപത്തിനിരിക്കുന്നവനെ-
കുന്തം കൊണ്ടു മുറിക്കുമ്പോൾ,
ശാന്തതയെങ്ങോ പോയ്മറയുന്നു-
ഭ്രാന്താലയമിതിലെന്തു സുഖം ?
'നിന്തിരുവചനം' കൽപിക്കുമ്പോൾ-
ഇച്ചെറു കൃമികൾ കേൾക്കാഞ്ഞാൽ-
പന്തം കൊണ്ടു കളിച്ചിട്ടിങ്ങനെ-
വെന്തു മരിച്ചു നശിക്കില്ലേ....
എന്തോര കണ്ടു ഭ്രമിക്കും മർത്ത്യർ-
തമ്മിൽ തല്ലി രസിക്കുമ്പോൾ,
കരളിൽ തൊട്ടു കുറിക്കാം നീയിതു-
കണ്ടില്ലെന്നു നടിക്കല്ലേ!....

***

# കർത്തൃ ദിവസം

## സി. ഡിക്സൺ

"കർത്തൃ ദിവസത്തിൽ ഞാൻ ആത്മ വിവശനായി കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു.... (വെളിപ്പാട് 1:10). പുതിയ നിയമത്തിൽ ഈ ഭാഗത്ത് മാത്രമാണ് കർത്തൃ ദിവസം എന്ന പ്രയോഗം നാം കാണുന്നത്. മറ്റൊരവസരത്തിൽ "കർത്താവിന്റെ" എന്ന ഉപയോഗം കർത്തൃ മേശയെ വിവരിക്കുമ്പോഴം കാണാം (1 കൊരിന്ത്യർ 11:20). കർത്തൃ ദിവസം എന്നത് യേശുവിനെ സംബന്ധിക്കുന്ന ചിലത് സൂചിപ്പിക്കുകയാണ്. അവൻ ഉയിർത്തെഴുന്നേററത് ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിലാണ്(മർക്കൊസ് 16:9). ത്രോവാസിലുണ്ടായിരുന്ന സഭ കർത്തൃ മേശ ആചരിക്കുവാൻ കൂടി വന്നത് ആഴ്ച വട്ടത്തിന്റെ ഒന്നാം നാളിൽ ആയിരുന്നു (പ്രവൃത്തി 20:7). കർത്താവിന്റെ ദിവസം എന്നത് പൊതുവിൽ ആഴ്ച്ച വട്ടത്തിന്റെ ഒന്നാം ദിവസമായിട്ടാണ് കണക്കാക്കുന്നത്.

തിരുവെഴുത്തുകളിൽ തന്നെയും ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ ആദിമ ക്രിസ്ത്യാനികൾ ആരാധന നടത്തിയതായി നാം വായിക്കുന്നുണ്ട്. ആരാധനാ ദിവസം ആഴ്ച്ച വട്ടത്തിന്റെ ഒന്നാം ദിനമായ ഞായറാഴ്ച്ചയായിരുന്നു എന്നു പുതിയ നിയമ ലേഖനങ്ങളും ഉറപ്പിച്ചിട്ടുണ്ട്.

1. ശബ്ബത്തു ആഴ്ചയുടെ ഏഴാം നാൾ ആക കൊണ്ട് കർത്താവിന്റെ ദിവസം ഒരിക്കലും ശബ്ബത്ത് ആകയില്ല (പുറപ്പാട് 20:10). യേശു ക്രൂശിൽ മരിച്ചതോടെ ന്യായപ്രമാണത്തിലെ മററ് അനുഷ്ഠാനങ്ങളോടൊപ്പം ശബ്ബത്തും നീങ്ങിപ്പോയി (കൊലൊസ്യർ 1:14, 17). യോഹന്നാൻ യേശു ക്രിസ്തുവിന്റെ രാജ്യത്തിലായിരുന്നു (വെളിപ്പാട് 1:9). അവൻ വെളിപ്പാട് പുസ്തകം എഴുതുമ്പോഴം ഒരിക്കലും

ന്യായപ്രമാണത്തിൽ ആയിരുന്നില്ല. അതു കൊണ്ട് അവൻ ശബ്ബത്തു അല്ല ആചരിച്ചിരുന്നത്.

2. കർത്തൃ ദിവസം എന്നതു കർത്താവിന്റെ രണ്ടാം വരവുമല്ല. കാരണം അന്നു ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും (2 പത്രൊസ് 3:10-12). എല്ലാ കണ്ണും അവനെ കാണും (വെളി. 1:7). പിന്നെ സമയം കാണുകയില്ല. യോഹന്നാൻ ജീവിച്ചിരുന്നത് ഏതാണ്ട് A. D. 95നും 96നും ഇടക്കാണ്. ആ സമയത്താണ് കർത്തൃദിവസം ആചരിക്കുന്നതും ഈ പുസ്തകം എഴുതുന്നതും. കർത്താവിന്റെ രണ്ടാം വരവ്, കർത്താവിന്റെ ദിവസം തന്നെയാണ്. പക്ഷെ കർത്തൃ ദിവസവും കർത്താവിന്റെ നാളും തമ്മിലുള്ള വ്യത്യാസം നാം മനസിലാക്കേണ്ടതുണ്ട് (വെളിപ്പാട് 1:10).

3. കർത്തൃ ദിവസം, ആഴ്ച്ചയിലെ മററൊരു ദിവസവുമല്ല, കാരണം മററൊരു ദിവസത്തിനും അത്ര പ്രാധാന്യം കൊടുത്തിട്ടില്ല. താഴെ കാണുന്ന പരിഗണനയിൽ നിന്നും ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാരം പ്രത്യേക പ്രാധാന്യം അർഹിക്കുന്നു എന്നു കാണാം.

A. യേശുക്രിസ്തു ആഴ്ച വട്ടത്തിന്റെ ഒന്നാം നാരം രാവിലെ ഉയിർത്തെഴുന്നേററു (മർക്കൊസ് 16:9).

B. ഈ ദിവസം യേശു അനേകം പ്രാവശ്യം പ്രത്യക്ഷനായിട്ടുണ്ട്. എന്നാൽ അപ്പൊസ്തലന്മാർ മാളിക മുറിയിൽ കൂടിയിരുന്നപ്പോരം പ്രത്യക്ഷനായത് പ്രത്യേകതയേറുന്നു.

C. ഞായറാഴ്ച്ച വൈകുന്നേരം അവർ വീണ്ടും മാളിക മുറിയിൽ കൂടിയിരുന്നപ്പോരം ക്രിസ്തു അവരുടെ മുന്നിൽ അവർക്കു പ്രത്യക്ഷമായി തോമാസിനെ അവന്റെ ഉയർപ്പ് വിശ്വസിപ്പിക്കുന്നുണ്ട് (യോഹന്നാൻ 20:26-29). അങ്ങനെ ആഴ്ച വട്ടത്തിന്റെ ഒന്നാം നാരം അവർ സഭാ യോഗം കൂടി

വന്നിരുന്നു; ആ സന്ദർഭത്തിൽ യേശുവിന്റെ വ്യക്തിപരമായ പ്രത്യക്ഷത സൂചിപ്പിക്കുന്നത്-ക്രിസ്ത്യാനികൾ ഈ ദിവസം കൂടി വരുമ്പോൾ യേശുവിന്റെ ആത്മീക സാന്നിദ്ധ്യം ഉണ്ടാകും എന്നതാണ് (മത്തായി 18:20).

D. സഭ ആരംഭിച്ചതും ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിലാണ്. കാരണം പെന്തെക്കൊസ്തു നാൾ എല്ലായ്പ്പോഴും വരുന്നതു ഈ ദിവസമായിരുന്നു (ലേവ്യാ 23:15). സുവിശേഷം അനുസരിച്ചവർ ദൈവത്തെ ആരാധിക്കേണ്ടതും ഈ ദിവസമാണ് (പ്രവൃത്തി 2:42).

E. പ്രാരംഭക്രിസ്ത്യാനികൾ എല്ലാ ഇടവകകളിലും കൂടിവന്നിരുന്നതു ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാൾ തന്നെയായിരുന്നു (പ്രവൃത്തി 20:7; 1 കൊരിന്ത്യർ 11:20; 16:1-2).

ഇവയെല്ലാം തന്നെ സംശയാതീതമായി ഉറപ്പിക്കുന്ന ഒന്നാണ് കർത്തൃദിവസം ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാൾ ആണ് എന്നതു. ആത്മവിവശനായിരുന്ന യോഹന്നാൻ ഈ ദിവസത്തിന്റെ മാഹാത്മ്യത്തെയും പ്രാധാന്യത്തെയും ഓർമ്മിപ്പിക്കുന്നു.

ഞായറാഴ്ച കർത്തൃദിവസമാകയാൽ ക്രിസ്ത്യാനികൾ ആ ദിവസം-ഒരു വർഷത്തിൽ അമ്പത്തിമൂന്നു ആഴ്ച്ചകളിലും തുല്യപ്രാധാന്യത്തോടു കൂടി ആരാധിക്കുവാൻ കൂടി വരണം. മനുഷ്യരാൽ പ്രത്യേകത കല്പിച്ചിരിക്കുന്ന മാതാവിന്റെ നാൾ, പിതാവിന്റെ നാൾ, ഈസ്ററർ നാൾ, പ്രാർത്ഥനാ ഞായർ എന്നു തുടങ്ങിയ ഒന്നും ബൈബിളിൽ ഇല്ല. എല്ലാ ഞായറാഴ്ചകളും കർത്തൃദിവസങ്ങളാണ്. ക്രിസ്ത്യാനികൾ ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വരുമ്പോൾ കർത്താവിന്റെ മരണത്തേയും അടക്കത്തേയും ഉയിർപ്പിനേ

യും കൊണ്ടാടുകയാണ് ചെയ്യുന്നത്. കർത്തൃമേശ ആചരിക്കുമ്പോഠം നമുക്കു വേണ്ടി മരിച്ച കർത്താവിനെ നാം സ്മരിക്കുകയാണ് (1 കൊരിന്ത്യർ 11:20-30) ഒരു കർത്തൃ ദിവസം മറെറാന്നിനേക്കാഠം മുകളിലല്ല.

ലോകത്തിലുള്ള ആളുകഠം പൂർവ്വിക പിതാക്കന്മാർക്കും, പിതാക്കന്മാർക്കും മാതാക്കഠംക്കും എല്ലാം ഓരോ ദിവസം ആചരിക്കുവാനായി പ്രത്യേകമായി നല്കുമ്പോഠം അവർ കർത്താവിൽ നിന്നും ജനത്തെ വിദൂരമാക്കുവാൻ ശ്രമിക്കുകയാണ്. "നിങ്ങഠം ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങഠംക്കു വേണ്ടി അദ്ധ്വാനിച്ചത് വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു" (ഗലാത്യർ 4:10-11). നാം മാതാപിതാക്കന്മാരേയും ചെറുതും വലുതുമായ സഹോദരങ്ങളേയും ബഹുമാനിക്കണം (എഫെസ്യർ 6:1-3; 1 തിമൊഥെയോസ് 5:1-3). കർത്തൃദിവസത്തിൽ നാം ക്രിസ്തു മുഖാന്തരം ദൈവത്തിന് അർപ്പിക്കുന്ന ആരാധനക്കു തുല്യമായോ അതിനപ്പുറമായോ തീരാൻ പാടില്ല. യേശുക്രിസ്തു പറഞ്ഞു: എന്നേക്കാഠം അധികം അപ്പനേയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. തൻെറ ക്രൂശെടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല (മത്തായി 10:37-38).

യേശു ക്രിസ്തുവിൻെറ സഭ ആഴ്ച വട്ടത്തിൻെറ ഒന്നാം നാളിൽ കൂടി വരികയും കർത്തൃമേശ ആചരിക്കുകയും അവൻെറ ശുശ്രൂഷയ്ക്കായി അവനവൻ തനിക്കു കഴിവുള്ളത് ചരതിച്ചു നല്കുകയും വേണം. നാം സന്തോഷിച്ച്, ഉല്ലസിച്ച് ആനന്ദിക്കേണ്ട ദിവസവും ദൈവ നിർമ്മിതമായ ഈ ദിവസം തന്നെ (സങ്കീർത്തനം 118:24). ചിലർ ചെയ്യുന്നതു പോലെ നമ്മുടെ സഭാ യോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും

സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചു കൊൾക. നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അതു അധികമായി ചെയ്യേണ്ടതാകുന്നു (എബ്രായർ 10:24-25).

കർത്തൃദിവസത്തിൻെറ പ്രാധാന്യം വളരെ വ്യക്തമാണല്ലൊ. അത് മനസിലാക്കി ഓരോരുത്തരും ആ ദിവസം എന്താണ് ദൈവം ചെയ്യുവാൻ പറഞ്ഞിരിക്കുന്നത് എന്നു ഗ്രഹിച്ചു പ്രവർത്തിക്കുക. ദൈവേഷ്ടത്തെ നാം ഗൗരവമായി കണക്കിലെടുക്കണം. പാരമ്പര്യമായി നാം ചെയ്യുന്നത് ദൈവ വിരുദ്ധമാണോ എന്നു പരിശോധിക്കുക. ദൈവമാണ് നമുക്ക് ഗണ്യമാക്കുവാനുള്ള വ്യക്തി. കാരണം അവൻ ന്യായ കർത്താവും നമ്മെ പരിപാലിക്കുന്നവനും ആകുന്നു.

★

സ്ത്രീകൾക്കുവേണ്ടി

# ബാലിശ കോപാവേശം

**ബെററി. B. C.**

കുട്ടികളിലാണെങ്കിൽ എല്ലാ തരത്തിലുമുള്ള വ്യക്തിത്വങ്ങളുണ്ട്. ചിലർ ശാന്തരും എളുപ്പത്തിൽ നിയന്ത്രിക്കത്തക്കവരും ആണ്. മററുള്ളവർ തങ്ങളുടെ മാതാപിതാക്കളേക്കാൾ സ്ഥിതിഗതികളെ കൈകാര്യം ചെയ്യുന്നതിൽ ഒരു പടി കൂടെ മുന്നോട്ടാണ് എന്നു പറയാം. അവരുടെ വഴി ശ്രദ്ധിച്ചാൽ ഒരു തരം കോപാവേശത്തോടെ ചില സന്ദർഭത്തിൽ പെരുമാറുന്നു.

എന്താണ് കോപാവേശം എന്നാൽ? നിഘണ്ടുവിലെ വിവരം ഏതാണ്ട് ഇതുപോലെയാണ്; "പ്രത്യാക്രമണത്തിനുള്ള പൊട്ടിപ്പുറപ്പെടൽ".

ഈ കോപാവേശം പല രൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. മാതാപിതാക്കൾ അവരുടെ ഹിതത്തിന് വഴങ്ങുന്നതുവരെ മൗനം അവലംബിക്കുന്നവരുണ്ട്. മററുള്ള കുട്ടികളിൽ ചിലർ കരഞ്ഞു മുഖം വീർപ്പിച്ചിരിക്കും. ചിലപ്പോൾ തറയിൽ കിടന്നു ഉരുളും, കാലു കൊണ്ട് കാണുന്നവയിൽ ചവിട്ടും. ഏതാനും കുട്ടികൾ അവരുടെ കോപാവേശത്താൽ ചീത്ത വാക്കുകൾ ഉപയോഗിക്കാറുണ്ട്. ചുരുക്കം ചിലർ തങ്ങളുടെ മാതാപിതാക്കളെ തല്ലുവാനും മടിക്കാറില്ല.

കോപികളായ മക്കളുടെ ഈ വിധത്തിലുള്ള സ്വഭാവങ്ങളെ ന്യായീകരിക്കുന്ന രക്ഷിതാക്കളെ കാണാം. അവർ തങ്ങളുടെ കുട്ടികളെ സ്നേഹിക്കുന്നു എന്നു വരുത്തുമാറ് അവരുടെ ഇംഗിതങ്ങൾക്ക് വഴങ്ങും. "അവരുടെ ആവശ്യങ്ങൾ എന്തായാലും ഞങ്ങൾ അത് നിറവേററി കൊടുക്കും അല്ലെങ്കിൽ അവരുടെ ദുശീലങ്ങൾ മാറുകയില്ല" എന്ന വാദഗതി ഉയർന്നു കേൾക്കാറുണ്ട്.

ഇതു ശരിയാണോ? സമാധാനമുണ്ടാക്കുവാൻ കുട്ടികളുടെ ഏതു ശാഠ്യത്തിനും മാതാപിതാക്കൾ വഴങ്ങണോ?

ആവശ്യമില്ല എന്നതാണ് ഉത്തരം. ജോലികൾ പരിശീലിക്കുവാൻ ബാല്യത്തിലേ കുട്ടികൾ ബുദ്ധിയുള്ളവരാണ്. കുട്ടികളുടെ ദേഷ്യം പ്രകടിപ്പിച്ച് അവരുടെ അതൃപ്തി കാണിച്ച് തുടർച്ചയായി അവർ മാതാപിതാക്കളെ ഓരോന്നിനു നിർബന്ധിക്കുന്നു. ഇവരുടെ കോപാവേശം ആരംഭത്തിലേ നിയന്ത്രിക്കാൻ പഠിപ്പിക്കണം. അതായത് അവരുടെ ദുശ്ശാഠ്യത്തിന് മാതാപിതാക്കൾ വഴങ്ങരുത്. അപ്പപ്പോൾ അവരുടെ നിർബ്ബന്ധങ്ങളെ ഒഴിവാക്കാൻ ശ്രമിക്കണം. ബാലിശമായ കോപാവേശം ഇല്ലാതാക്കാൻ നോക്കേണ്ടവർ അതിനെ പ്രോത്സാഹിപ്പിച്ചാൽ ഭാവിയിൽ ഇവർ എല്ലാവരോടും എല്ലാ കാര്യങ്ങൾക്കും കോപം പ്രകടിപ്പിക്കാൻ സാദ്ധ്യതയുണ്ട്.

ഈ കോപാവേശത്തെ മാതാപിതാക്കൾ എങ്ങനെ ശക്തമായി നേരിടും ?

1. കുട്ടി കോപിക്കാനിടയായി തീർന്ന ആവശ്യം നാം പൂർണ്ണമായി നിരാകരിക്കണം.

2. രക്ഷകർത്താക്കളുടെ നോട്ടത്തിലും ശബ്ദത്തിലും അവരുടെ തീരുമാനത്തിലുള്ള തീർച്ച വ്യക്തമാക്കണം. നാം അതിനെ താലോലിക്കാനാണ് ഭാവമെങ്കിൽ കുട്ടി തന്റെ കോപത്തിൽ ശക്തനാകും. ഉറച്ച തീരുമാനത്തിലാണ് തന്റെ മാതാപിതാക്കൾ എന്നു കണ്ടാൽ അവർ കീഴ്പ്പെടും. പിന്നീട് അവർ കോപത്തിന് പകരം ശാന്തതയോടെ അവരുടെ ആവശ്യങ്ങൾ ഉന്നയിക്കും. ശരിയും തെററും തിരിച്ചറിയുന്നതുവരെ ഈ രീതിയിലുള്ള നിയന്ത്രണം അവർക്ക് ആവശ്യമാണ്. ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിക്ക. എന്നാൽ അവൻ വൃദ്ധനായാലും അത് വിട്ടു മാറുകയില്ല.

സ്വന്ത ഇഷ്ടങ്ങൾ അവർക്ക് ബാല്യത്തിൽ തന്നെ ഉണ്ടാകും. അത് തെററല്ല; പക്ഷെ ആ ആഗ്രഹങ്ങൾ നിറവേററുവാനുള്ള അവരുടെ മാർഗ്ഗം തെററാണെന്ന് അവരെ ബോധ്യപ്പെടുത്തണം. വിവേകമുള്ള മാതാപിതാക്കൾ കുട്ടികളെ നേർവഴിക്കു കൊണ്ടു വരുന്നതു അവരുടെ ദുശീലങ്ങൾക്ക് വഴങ്ങി ആകരുത്. മറിച്ച് അവയെ ഇല്ലാതാക്കാൻ യത്നിക്കുന്നതിലൂടെയായിരിക്കണം.

3. കുട്ടികളിലുള്ള കോപ കണികകൾ ഇല്ലാതാക്കാൻ അവരുടെ സന്ദർശനം പോലും തള്ളിക്കളയണം. മറെറാരു മുറിയിലേക്ക് അവരെ കൊണ്ടു പോയി ആക്കണം. അവിടെ വെച്ച് അവർ അത് മറക്കുവാനും തെററായ വാശിക്ക് മാപ്പ് പറയത്തക്ക സ്ഥിതി ഉണ്ടാക്കുകയും ചെയ്യണം. കരച്ചിലിന് പകരം പുഞ്ചിരി അവരുടെ മുഖത്ത് വിരിയും. ഈ ഉപായ പ്രയോഗ വൈദഗ്ദ്ധ്യം അത്ഭുതകരമായി പ്രവർത്തിക്കുന്നത് കാണാം. അതു മൂലം എല്ലാവർക്കും ഒരു പോലെ

ദീർഘമായി ആശ്വസിക്കാനും കഴിയും. അല്ലെങ്കിൽ അത് ദോഷ ഫലം ഉളവാക്കും. സന്തോഷത്തിന് പകരം എല്ലാവർക്കും ദുഃഖം ഉണ്ടാകയും ചെയ്യും. ഭാവിയിൽ ഉണ്ടാകാനിടയുള്ള എററുമുട്ടലുകൾ ഒഴിവാക്കുവാനും ഇതു സഹായകരമായി തീരും.

(ശേഷം അടുത്ത ലക്കത്തിൽ)

***

# അനുസരിക്കുവാൻ നാം ഭയപ്പെടുകയോ?

തിമൊഥി. K

സഭയുടെ അച്ചടക്കത്തെ സംബന്ധിച്ച മനോഭാവത്തിൽ വലിയ മാററം സംഭവിച്ചിട്ടുണ്ട് എന്നു പറയാം. എന്തുകൊണ്ട് എന്ന ചോദ്യം ഉണർത്തുന്നു. ഇത് ദൈവവചനം സൂക്ഷ്മമായി മനസിലാക്കിയതുകൊണ്ടാണോ? അതല്ലെങ്കിൽ എന്തു സംഭവിക്കും എന്ന് ഭീതിയാണോ? ദൈവവചനം മാറിയിട്ടുണ്ടോ? ഇല്ല എന്നു നമുക്ക് അറിയാം. ഇനി മാറുകയുമില്ല.

സഭയുടെ അച്ചടക്കം എന്നാലെന്ത്? ദൈവം തന്റെ ഭവനത്തിന്റെ കാര്യവിചാര നടത്തിപ്പിൽ തിരഞ്ഞെടുക്കുവാനുള്ള അവസരം എപ്പോഴെങ്കിലും നല്കിയിട്ടുണ്ടോ? അനവധി പേർ അങ്ങനെ കരുതുന്നു എന്നു തെളിയുന്നു. ചിലർ അതിനെ പൂർണ്ണമായും കണ്ടില്ലെന്നു നടിക്കുന്നു. തിരുവെഴുത്തുകളെ സമീപിച്ച് ശരിയായി പരിശോധിച്ചാൽ തക്ക ഉത്തരം കിട്ടും.

ആദ്യമായി, അച്ചടക്കം തിരഞ്ഞെടുക്കാവുന്ന ഒന്നാണോ? പൗലൊസ് പറഞ്ഞു, "സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു ക്രമം കെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നു കൊള്ളേണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിക്കുന്നു" (2 തെസ്സലോനീക്യർ 3:6). ഈ ഭാഗത്തിൽ തെററിദ്ധരിക്കപ്പെടുവാൻ യാതൊന്നും ഇല്ല. ഈ പ്രത്യേക സാഹചര്യത്തിൽ ക്രമരഹിതമായി ജീവിക്കുന്ന വ്യക്തിയെ കൂട്ടായ്മയിൽ നിന്നും അകററി നിർത്തുക വഴി അച്ചടക്കം വരുത്തുവാൻ കഴിയും. ഇതു ദൈവത്തിന്റെ അച്ചടക്കനടപടിയുടെ അവസാന ഭാഗമാണ്.

ഈ കർശനമായ ശിക്ഷക്കു മുൻപായി ആ വ്യക്തിയുടെ അപരാധം നമ്മുടെ സഹോദരൻ എന്ന പരിഗണന വെച്ച് സംസാരിക്കണം (മത്തായി 18:15-17). എന്നാൽ നാം ഇത് പലപ്പോഴും ചെയ്യുന്നുണ്ടോ? നമ്മുടെ ഒരു സഹോദരൻ സത്യം വിട്ട് അകന്നു പോകുമ്പോൾ നാം ചെയ്യേണ്ടതിനെ യാക്കോബ് ഓർമ്മിപ്പിക്കുന്നു (യാക്കോബ് 5:19). നാം ഇതിൽ ഉൾപ്പെടുന്നുണ്ടോ? ചിലരെ തീയിൽ നിന്നും വലിച്ചെടുത്തു രക്ഷിപ്പിൻ എന്നു യൂദാ പറഞ്ഞിട്ടുണ്ട്. അതായത് അവരുടെ പാപങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുവാൻ അവർക്ക് മററുള്ളവരുടെ സഹായം ആവശ്യമാണ്. അങ്ങനെയുള്ളവരെ യഥാസ്ഥാനപ്പെടുത്തുവാൻ നമ്മോടു കല്പിച്ചിരിക്കുന്നു (ഗലാത്യർ 6:1). "സഹോദരന്മാരെ, നിങ്ങളിൽ ഒരുവൻ സത്യം വിട്ടു തെററിപ്പോകയും അവനെ ഒരുവൻ തിരിച്ചു വരുത്തുകയും ചെയ്താൽ പാപിയെ നേർവ്വഴിക്കു ആക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽ നിന്നു രക്ഷിക്കയും പാപങ്ങളുടെ ബഹുത്വം മറെക്കയും ചെയ്യും എന്നു അവൻ അറിഞ്ഞു കൊള്ളട്ടെ" (യാക്കോബ് 5:19-20). തെററിൽ ജീവിക്കുന്ന നമ്മുടെ സഹോദരനോടോ സഹോദരിയോടോ നമുക്കുള്ള കർത്തവ്യം നമ്മെ തെര്യപ്പെടുത്തുന്ന ഭാഗങ്ങളാണ് നാം കണ്ടത്.

ഈ അച്ചടക്ക പദ്ധതിയിൽ ദൈവത്തിന്റെ ഉദ്ദേശം എന്താണ്? ഒരു വ്യക്തി ഇതു മൂലം ലജ്ജിക്കപ്പെടുകയും അവന്റെ ആത്മാവിനെ അങ്ങനെ രക്ഷിക്കുമെന്നും പൗലൊസ് പറയുന്നു (2 തെസ്സലോനിക്യർ 3:14; 1 കൊരിന്ത്യർ 5:1-5). ഈ പ്രവൃത്തി അതിരു കടക്കാതെ സൂക്ഷിക്കണം. പരിഹാസ്യമോ നിന്ദ്യമോ ആയ രീതിയിൽ അച്ചടക്ക നടപടി സ്വീകരിക്കരുത്. അങ്ങനെ ചെയ്താൽ അത് ഗുണത്തേക്കാൾ ദോഷമായിത്തീരും. ഒരാത്മാവിനെ കെടുത്താൻ എളുപ്പമാണ്. പക്ഷെ ഒരാളെ നേടുവാൻ എത്ര അദ്ധ്വാനിക്കണം എന്നോർമ്മിക്കുക. സഭയുടെ പരിശുദ്ധി ആയിരിക്കണം അച്ചടക്കത്തിന്റെ ലക്ഷ്യം. വ്യക്തി വിദ്വേഷമോ പകയോ ഈ അവസരം ഉപയോഗിക്കപ്പെടരുത്. സംശയ വിചാരം കൊണ്ടുള്ള നടപടിയും അപകടമായ ഒന്നായിരിക്കും.

★

# തുരുമ്പുള്ള ആണികളെ കാന്തം ആകർഷിക്കുന്നില്ല

എഡ്സെൽ. B

തുരുമ്പ് തിന്ന് ആകൃതി പോലും നഷ്ടപ്പെട്ട ഒരു പഴയ ആണിമേൽ എത്ര ശക്തമായ കാന്തം കാണിച്ചാലും അതിന് യാതൊരു പ്രതികരണവും കാണിപ്പാൻ കഴിവില്ല. തിളക്കമുള്ള പുതിയ ആണി കാന്തത്തിലേക്ക് പായുന്നത് കണ്ടിരിക്കുമല്ലൊ. അത് മററൊന്നിനേയും തുടർന്നു ധാരാളം ആണികളെ ആർഷിക്കുകയും ചെയ്യുന്നു. അതുപോലെ കറ പിടിച്ച, ശുദ്ധി ചെയ്യാത്ത ക്രിസ്ത്യാനികൾ അവരുടെ

ഉദാസീനതയും സ്വാർത്ഥതയും നിമിത്തം വളരെ ആകർഷി ക്കാൻ കഴിയുകയില്ല. ക്രിസ്തുവിൻെറ ശക്തി ഇങ്ങനെ യുള്ള ആളുകളിൽ കൂടെ പ്രവർത്തിച്ച് ആകർഷിക്കാതെയി രിക്കുമ്പോഠം ലോകത്തുള്ള ആളുകളെ നേടുവാൻ പ്രയാസ മാണ്.

ഒരു ഹിന്ദു സ്ത്രീ ക്രിസ്ത്യാനിത്വത്തിലേക്ക് പരി വർത്തനം ചെയ്യപ്പെട്ടു. അവളുടെ ഭർത്താവിൽ നിന്നും അവഠംക്ക് ക്രൂരമായി പീഢനം ഏല്ക്കേണ്ടിവന്നു. ഇത റിഞ്ഞ അവളുടെ സ്നേഹിത അവളോടു ചോദിച്ചു; നിൻെറ ഭർത്താവ് കോപിഷ്ഠനായി നിന്നോടു മോശമായി പെരുമാ റുമ്പോഠം "നീ അദ്ദേഹത്തോടു എങ്ങനെ പ്രതികരിക്കും"? "എന്ന്. അതിന് അവഠം: അദ്ദേഹത്തോടുകൂടുതൽ സ്നേഹം പ്രകടിപ്പിച്ച് ആഹാരം നന്നായി പാകം ചെയ്തു, മുറിക ളെല്ലാം കൂടുതൽ വൃത്തിയാക്കി, സംസാരമെല്ലാം മൃദുല മാക്കി നല്ലൊരു ഭാര്യയും കുട്ടികളുടെ നല്ലൊരു അമ്മയു മായി ക്രിസ്തീയ സ്വഭാവത്തെ ഞാൻ അദ്ദേഹത്തിന് കാണിച്ചു കൊടുക്കും." ഇതു പോലുള്ള പരിശീലനം നമ്മു ടെ എല്ലാവരുടേയും ജീവിതത്തിൽ ഉണ്ടായാൽ ക്രിസ്ത്യാനി ത്വത്തിൻെറ മേന്മ ലോകം മുഴുവൻ രുചിക്കും.

മററാരുടേയും ഉപദേശം കേഠംക്കുവാൻ തയ്യാറാകാതി രുന്ന അവളുടെ ഭർത്താവ് സുവിശേഷ പ്രസംഗങ്ങളും യോ ഗങ്ങളും ഒഴിവാക്കിയിരുന്നു. എന്നാൽ തൻെറ ഭാര്യയുടെ സ്വഭാവ മാററം അയാളുടെ മനസിനെ ചിന്തിപ്പിച്ചു. തൻെറ സ്വഭാവങ്ങഠംക്കും ഒരു നവീകരണം ആവശ്യമാണെന്നു അദ്ദേഹത്തിന് തോന്നി. ഭാര്യ ബൈബിഠം വായിക്കുമ്പോഠം അത് ശ്രദ്ധിച്ചു കിടക്കും. അവഠം പ്രാർത്ഥിക്കുമ്പോഠം അതിന് ചെവി കൊടുക്കും. ഒടുവിൽ അയാഠം സ്വയം തീരുമാനമെടുത്തു. അങ്ങനെ അയാഠം വചന പ്രകാരമുള്ള ഒരു ക്രിസ്ത്യാനിയായി തീർന്നു. അവർ പരസ്പരം സന്തോഷ സമൃദ്ധമായ ആത്മീയ ജീവിതം നയിക്കുന്നു.

ലോകത്തിന് അറിഞ്ഞുകൂടാത്ത ക്രിസ്തുവിനെ മാതൃകയിലൂടെ കാണിച്ചു കൊടുക്കാൻ കഴിയാത്തതാണ് ഇന്നു ക്രിസ്ത്യാനിത്വത്തിന്റെ പരാജയം. യേശുക്രിസ്തുവിന്റെ സ്വഭാവ വിശുദ്ധി ക്രിസ്തുവിനെ അനുകരിക്കുന്നവരിൽ കാണണം. ഇല്ലെങ്കിൽ അവർക്ക് മറ്റുള്ളവരെ ആകർഷിക്കാൻ സാദ്ധ്യമല്ല. അടിസ്ഥാന വിശ്വാസമോ ഏകീകൃത നിയമമോ മതപരമായി ഇല്ലാത്ത എത്രയോ ആളുകൾ നമുക്ക് ചുറ്റും ഉണ്ട്. പക്ഷെ അവർ ക്രിസ്തുവിനെ കാണുന്നില്ല. അവന്റെ മാഹാത്മ്യത്തെക്കുറിച്ച് പ്രസംഗിക്കുന്നവരെ കണ്ടിരിക്കാം, അതു കൊണ്ടായില്ലല്ലൊ.

വാസ്തവത്തിലുള്ള ക്രിസ്ത്യാനിത്വത്തെ വിശുദ്ധ ബൈബിളിൽ വിവരിച്ചിട്ടുണ്ട്. അത് നാം വായിച്ച് ഗ്രഹിക്കണം. പരിജ്ഞാനമില്ലാതെ പലരും അജ്ഞതയിൽ ജീവിക്കും. നാം വളരണം അത് യേശുവിനെ പോലെ ആയിരിക്കണം (ലൂക്കൊസ് 2:52). നമ്മുടെ വിചാരമെല്ലാം യേശുവിന്റെ ചിന്തയോടു തുല്യമായിരിക്കണം (ഫിലിപ്പിയർ 2:5). അനുസരണത്തിന്റെ കാര്യത്തിലും നാം യേശുവിനെ പോലെ ആകണം (എബ്രായർ 5:8-9). കൊടുക്കേണ്ടതും യേശു കൊടുത്തതു പോലെയായിരിക്കണം (മത്തായി 20:28). അവൻ സ്നേഹിച്ചതു പോലെ സ്നേഹിക്കുക (യോഹന്നാൻ 13:34-35). അവൻ ക്ഷമിച്ചതു പോലെ നാം ക്ഷമിക്കുക (കൊലൊസ്യർ 3:13). പ്രാർത്ഥനയും അവന്റേതിന് തുല്യമായിരിക്കണം (മത്തായി 6:9). തുരുമ്പ് അതിൽ ഇല്ലാതിരുന്നു അതു കൊണ്ട് അവൻ മുഖാന്തരം അനേകർ ആകർഷിക്കപ്പെട്ടു. നിങ്ങൾ മുഖാന്തരം മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ?

★

# വീക്ഷാ ഗോപുരത്തിലെ യഹോവ

സാജു ജോർജ്ജ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

എന്നിട്ടും അവർ തങ്ങളുടെ പ്രവചനങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. 1925-ൽ ഭൂമിയിൽ ഉയിർത്തെഴുന്നേൽപ്പ് ഉണ്ടാകുമെന്നും, പഴയ നിയമവ്യക്തികളായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർ മടങ്ങിവരുമെന്നും പ്രസ്താവിച്ചു. (**"They are to be resurrected on perfect men and constitute the princes or rulers in the earth, according to his promise......Therefore we may Confidently expect that 1925 will mark the return of Abraham, Isaac, Jacob and the faithful prophets of old"-Watch tower's book. "Millions Now Living will Never Die-1920" pp. 89-90)** അവർ പ്രവചിച്ചിരുന്നതുപോലെ സംഭവിച്ചോ?

ഒരിക്കലുമില്ല.

അടുത്തിടെ തന്നെ വീണ്ടും അവർ ആയിരക്കണക്കിന് മനുഷ്യരെ 1975-ൽ ലോകം അവസാനിക്കുമെന്ന് പ്രവചിച്ചുകൊണ്ടും തെറ്റിദ്ധരിപ്പിക്കുകയുണ്ടായി. **Why are you looking forward to 1975 ?- title of article in the Watch tower, Magazine. 8/15/68. P, 494, 499. 1975-** കടന്നുപോയി ഒന്നും സംഭവിച്ചില്ല.!

യഹോവ സാക്ഷിക്കാരൻ, തങ്ങളുടെ സംഘടനയെ ന്യായീകരിക്കുന്നതിനായി ഈ തെററായ പ്രവചനങ്ങളെല്ലാം അബദ്ധമായിരുന്നുവെന്നും **(Mistakes)** ഈ അനുഭവങ്ങളിലൂടെ അവർ പഠിക്കുകയും ഇപ്പോൾ അപ്രകാരം ഒന്നും ചെയ്യുന്നില്ല എന്ന് പറഞ്ഞ് നീതീകരിക്കുവാൻ ശ്രമിക്കും.

എങ്കിലും 1986-ലെ 'ഉണരുക' (**Awake**) മാസികയിൽ അവരുടെ പ്രവചനങ്ങൾ തുടർന്നും ആവർത്തിച്ചു. **(Inside the front cover, on the page listing the Contents of the magazine there is a statement of Purpose telling why Awake ! is published. It says, "Most importantly, this magazine builds Confidence in the Creators promise of a peaceful and Secure New Order before the generation that saw the events of 1914 passes away") (—see our discussion of Matt 24:34 later)**

ഇപ്രകാരമുള്ള വസ്തുതകളിൽ നിന്ന് സത്യം വ്യക്തമാണ്. ദൈവത്തിന്റെ നാമത്തിൽ സംസാരിക്കുകയും പ്രവചനങ്ങൾ നടത്തുകയും ചെയ്യുകയും....പക്ഷേ അവ ഒന്നും സംഭവിക്കാതിരിക്കുകയും ചെയ്യുമ്പോൾ ഇങ്ങനെയുള്ള ഇവരെ എന്തു വിളിക്കും ? ദൈവവചനത്തിൽ ഇപ്രകാരം ചെയ്യുന്നവരെ എന്തു ചെയ്യണമെന്നും പറഞ്ഞിട്ടുണ്ട്? ആവർത്തനപുസ്തകത്തിൽ 18:20-23 വാക്യപ്രകാരം അവർ മരണശിക്ഷ അനുഭവിക്കേണ്ടവരാണ്. അവർ പറയുന്നത് കേൾക്കുന്നവരോടും പറയുന്നത്... വീക്ഷാഗോപുരസംഘടനയുടെ നേതാക്കൻമാർ ചമച്ചുണ്ടാക്കുന്ന ന്യായീകരണങ്ങൾ ചെവിക്കൊള്ളാതെ, കള്ളപ്രവാചകൻമാരായവരെ ഉപേക്ഷിച്ച് യഥാർത്ഥ പ്രവാചകനായ യേശുക്രിസ്തുവിന്റെ അനുയായികളായി തീരേണ്ടതുണ്ട്. മത്തായി 7:15, 24:24 കൂടി വായിച്ചു നോക്കൂ !

**സങ്കീർത്തനം 37 : 9, 11, 29**

ദുഷ്പ്രവൃത്തിക്കാർ ഛേദിക്കപ്പെടും; യഹോവയെ പ്രത്യാശിക്കുന്നവരോ ഭൂമിയെ കൈവശമാക്കും. **VS** 9'

എന്നാൽ സൗമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും; **VS** 11 നീതിമാന്മാർ ഭൂമിയെ അവകാശമാക്കി എന്നേക്കും അതിൽ വസിക്കും. **VS** 29.

യഹോവ സാക്ഷിക്കാർ ഭവനങ്ങളിൽ സന്ദർശനം നടത്തുമ്പോൾ വളരെയധികമായി ഉപയോഗിക്കുന്ന ഭാഗമാണിത്. സ്വർഗ്ഗത്തിലേയ്ക്ക് ചേരുന്നതിന് പകരം ഭൂമിയിൽ ഒരുക്കിയ പറുദീസയിലെ ജീവിതത്തെക്കുറിച്ച് പറഞ്ഞു കൊണ്ട് ഈ വേദഭാഗങ്ങൾ വ്യാഖ്യാനിക്കാറുണ്ട്.

വീക്ഷാഗോപുരക്കാരുടെ ഉപദേശ പ്രകാരം സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുള്ള അവസരം 1935-ൽ അവസാനിച്ചു. അവർ ഇന്ന് നോക്കിയിരിക്കുന്നത് അർമ്മഗദ്ദോൻ യുദ്ധത്തിന് ശേഷം ഭൂമിയിൽ നിത്യമായി വസിക്കുന്നതിനാണ്. അതാണ് അവരുടെ പ്രത്യാശ.

37-ാം സങ്കീർത്തനത്തിന്റെ പശ്ചാത്തലം മനസ്സിലാക്കി ഈ വാക്യങ്ങൾ വായിക്കുമ്പോൾ യഹോവ സാക്ഷിക്കാർ വിശദീകരിക്കുന്നതിൽ നിന്നും വിഭിന്നമായ ഒരു അർത്ഥമാണ് ലഭിക്കുക. ഭൂമിയിൽ നിന്ന് ദുഷ്ട ജനതയെ പൂർണ്ണമായി നീക്കം ചെയ്ത് ഭൂമിയുടെ നിയന്ത്രണം നീതിമാന്മാരായ നല്ലവർക്ക് ദൈവം കൈമാററം ചെയ്യുന്ന ഒരു ഭാവിയെക്കുറിച്ചുള്ള പ്രവചനമല്ല ഈ സങ്കീർത്തന ഭാഗത്തിൽ പ്രതിപാദിക്കുന്നത്. സങ്കീർത്തനക്കാരൻ ദൈവ നിവേശിതനായി സഹപൗരന്മാരായ യിസ്രായേൽ ജനതയോടു പറയുന്നത് അവരുടെ സ്വന്ത ജീവിതകാലത്തു തന്നെ പ്രതീക്ഷിക്കേണ്ടതും, അനുഭവിക്കേണ്ടതുമായ വസ്തുതയെക്കുറിച്ചാണ്. അതായത് നന്മ ചെയ്യുന്നവർ, ദൈവാനുഗ്രഹത്താൽ അഭിവൃദ്ധിപ്പെടുമെന്നും ദുഷ്ടന്മാർ ഇല്ലാതെയാകുമെന്നും. അതേ സങ്കീർത്തനത്തിലെ 25-ാം വാക്യത്തിൽ ദാവീദ് പറയുന്നത് ശ്രദ്ധിക്കൂ- ‘‘ഞാൻ ബാലനായിരുന്നു, വൃദ്ധനായി തീർന്നു, നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല.’’ തന്റെ സ്വന്ത ജീവിത കാലത്തെ അനുഭവമാണ് സങ്കീർത്തനക്കാരൻ വിവരിക്കുന്നത്. കൂടാതെ 37-ാം വാക്യത്തിൽ ‘‘നിഷ്കളങ്കനെ കുറിക്കൊള്ളുക; നേരുള്ളവനെ നോക്കിക്കൊൾക; സമാധാന പുരുഷന്ന് സന്തതി ഉണ്ടാകും.’’ നേരുള്ളവർ തങ്ങളുടെ സ്വന്ത ജീവിത

കാലത്തു തന്നെ അനുഭവിക്കേണ്ട അനുഗ്രഹത്തെ കുറിച്ച് തന്നെയാണ് സൂചിപ്പിക്കുന്നത്. ലോകാവസാനത്ത് സംഭവിക്കേണ്ട വസ്തുതയാണെന്ന് ഈ സങ്കീർത്തനത്തിൽ ഒരു സൂചനയുമില്ല **(Other verses used by jehovah's witnesses to teach an earthly hope, instead of heaven, include psalm 115:16, John 10:16 Revelation 7:9. will be discussed later).**

**സങ്കീർത്തനം 83;18**

"അങ്ങനെ അവർ യഹോവ എന്നു നാമമുള്ള നീ മാത്രം സർവ്വഭൂമിക്കും മീതെ അത്യുന്നതൻ എന്നു അറിയും."

(ശേഷം അടുത്ത ലക്കത്തിൽ)

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജെ.

## V. സർദ്ദിസിലെ സഭ (വെളി 3: 1-6).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അതുകൊണ്ട് യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു: ഞാൻ എന്റെ ക്രോധത്തിൽ ഒരു കൊടുങ്കാറ്റടിക്കുമാറാക്കും. എന്റെ കോപത്തിൽ പെരുമഴപെയ്യിക്കും; എന്റെ ക്രോധത്തിൽ മുടിച്ചുകളയുന്ന വലിയ ആലിപ്പഴം പൊഴിക്കും: നിങ്ങൾ കുമ്മായം പൂശിയ ചുവരിനെ

ഞാൻ ഇങ്ങനെ ഇടിച്ചു നിലത്തു തള്ളിയിട്ട് അതിന്റെ അടി സ്ഥാനം വെളിപ്പെടുത്തും; അതു വീഴും; നിങ്ങൾ അതിന്റെ നടുവിൽ മുടിഞ്ഞു പോകും (യെഹെ 13:10-14).

ആകയാൽ "നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും." അതു എപ്പോൾ സംഭവിക്കുമെന്ന് നിങ്ങൾക്ക് അറിയാൻ കഴികയില്ല. സകല സമുദായ സംഘടന സഭാ പ്രസ്ഥാനക്കാരും സകല ജാതികളും ദൈവഹിതത്തിനു അനുയോജ്യമല്ലാത്ത, പ്രവൃത്തികളിൽ നിന്നും പിൻതിരിയാതിരുന്നാൽ; കർത്താവിന്റെ വലുതും കഠിനവുമായ, ന്യായവിധി അവരുടെ മേൽ വന്നു ഭവിക്കുമെന്നുള്ളത് തീർച്ചയാണ്, "നോഹയുടെ കാലം പോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും. ജല പ്രളയത്തിന്നുമുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു കൊടുത്തും പോന്നു; ജലപ്രളയം വന്ന് എല്ലാവരേയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല. മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും". (മത്താ 24:37-39). "അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ". (മത്താ 24:44) "ഞാൻ കള്ളനെപ്പോലെ വരും. തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ." (വെളി 16:15) എന്നാൽ "അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരുമ്പോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും. അവർക്കു തെറ്റിയൊഴിയാവുന്നതുമല്ല." (1തെസ്സ 5:3) 'അവരൊക്കെയും ആബാലവൃദ്ധം ദ്രവ്യാഗ്രഹികൾ ആകുന്നു; പ്രവാചകന്മാരും പുരോഹിതന്മാരും

ഒരുപോലെ വ്യാജം പ്രവർത്തിക്കുന്നു. സമാധാനം ഇല്ലാതിരിക്കെ, സമാധാനം, സമാധാനം എന്നു അവർ പറഞ്ഞു എൻെറ ജനത്തിൻെറ മുറിവിന്നു ലഘുവായി ചികിത്സിക്കുന്നു. മ്ലേച്ഛത പ്രവർത്തിച്ചതുകൊണ്ട് അവർ ലജ്ജിക്കേണ്ടിവരും. അവർ ലജ്ജിക്കുകയോ നാണം അറികയോ ചെയ്തിട്ടില്ല; അതുകൊണ്ട് വീഴുന്നവരുടെ ഇടയിൽ അവർ വീണുപോകും. ഞാൻ അവരെ സന്ദർശിക്കുന്ന കാലത്തു അവർ ഇടറി വീഴും എന്നു യഹോവയുടെ അരുളപ്പാട്.' (യിരെ: 6:13-15) "കർത്താവായ യേശു തൻെറ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിൻെറ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും.' (2തെസ്സ 1:6-7). അതിനാൽ നിങ്ങൾ മനംതിരിഞ്ഞു മാനസാന്തരപ്പെടുവാൻ നിങ്ങളുടെ മുൻപിൽ അല്പ സമയമേ ഉള്ളു. 'ഇന്ന് അവൻെറ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്.' (എബ്രാ 4:7). "ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന്ന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ'. (എബ്രാ 3:12).

"എങ്കിലും ഉടുപ്പു മലിനമാക്കാത്ത കുറെ പേർ സർദ്ദിസിൽ നിനക്കുണ്ട്." (വെളി 3:4).

സർദ്ദിസിലെ കർത്താവിൻെറ സഭയിലും ഉടുപ്പുമലിനമാക്കാത്ത വേർതിരിയ്ക്കപ്പെട്ട ഒരു ചെറിയ കൂട്ടം ഉണ്ടെന്നുള്ളത് കർത്താവിൻെറ ദൃഷ്ടിയിൽ മാത്രം കാണപ്പെടുന്ന ഒരു കാഴ്ചയാണ്. അതെ, ക്രിസ്തുവിൻെറ സഭകൾ സാർവ്വത്രികമായി, വേർതിരിക്കപ്പെട്ട ചെറിയ ചെറിയ കൂട്ടങ്ങളായി കർത്താവിനു സാക്ഷ്യം വഹിച്ചുവരികയാണ്, ക്രിസ്തുവിൻെറ ശരീരമാകുന്ന സഭയിലെ ഓരോ അവയവങ്ങളും പഴയ വസ്ത്രമായ ജഡത്തിൻെറ സ്വഭാവങ്ങളെ ഉരിഞ്ഞു കളഞ്ഞു പുതിയ വസ്ത്രമാകുന്ന ക്രിസ്തുവിനെ ധരിച്ചിരിക്കുകയാണ്. അങ്ങനെ നാം ധരിച്ചിരിക്കുന്ന ഉടുപ്പ് മലിനമാക്കാതെ സൂക്ഷിക്കപ്പെടുന്ന ഒരു ഗണത്തെ കർ

ത്താവ് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും കണ്ടുന്നുണ്ട്. കർത്താവ് അപ്രകാരം കണ്ടുകൊണ്ടിരിക്കുന്ന കൂട്ടത്തിൽ നിന്നെയും കാണുന്നുണ്ടോ എന്ന് നീ ദൈവ വചന പ്രകാരം പരിശോധന ചെയ്യുക. "അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചും കൊണ്ട് എന്നോടു കൂടെ നടക്കും". (വെളി 3:5). അവന്റെ തേജസ്സാകുന്ന ശുഭ്ര വസ്ത്രധാരികൾ ഉയർത്തെഴുന്നേററ കർത്താവിനോടു കൂടെ അവന്റെ സഭയാകുന്ന ദൈവ രാജ്യത്തിൽ വാഴുകയാണ്. അവർ ലോകത്തെ നാൾ തോറും ജയിക്കുന്നവരാണ്. വെള്ള വസ്ത്രത്തെ **(Clothed in white rainment)** പല അവസ്ഥയിൽ ബൈബിളിൽ പറഞ്ഞിരിക്കുന്നു. "വെള്ളനിലയങ്കി ധരിച്ചു **(clothed with white robes)** (വെളി 7:9)" കല്യാണ വസ്ത്രം! **(Wedding garment)** (മത്താ 22;12) "തന്റെ ഉടുപ്പ്" **(His garment)** (വെളി 16:15). "ഉടുപ്പുള്ളവരായി" **(Being clothed)** (2കൊരി 5:3). "പുതു മനുഷ്യനെ ധരിക്കുക" **(put on the new man)** (എഫെ 4:24). "വിശുദ്ധ വസ്ത്രാലങ്കാരം" (**In the beauty of holiness**) (സങ്കീ 96:9). "രക്ഷാവസ്ത്രം" **(The garment of salvation)** (യെശ 61:10). തുടങ്ങിയ അർത്ഥ ധ്വനികൾ എല്ലാം ഒരേ ആശയം തന്നെയാണ്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിരു കടന്നു അതിക്രമിച്ചു പോകുന്ന സകലരും മലിന വസ്ത്രധാരികളാണ്. അവർക്ക് ക്രിസ്തുവിന്റെ സഭയിലും, ജീവ പുസ്തകത്തിലും, സ്വർഗ്ഗത്തിലും സ്ഥാനം ഉണ്ടായിരിക്കയില്ല. ഇങ്ങനെ ഉള്ളവർ ഇടത്തു ഭാഗത്തു നില്ക്കുന്ന കോലാട്ടിൻ കൂട്ടങ്ങളെ പോലെ കർത്താവിന്റെ ഇടത്തു ഭാഗത്തു കാണപ്പെടുന്ന ശപിക്കപ്പെട്ടവരാണ്.

സർദ്ദീസ് സഭയിലെ എല്ലാവർക്കും ഒരു പോലെ വസ്ത്രം നല്കപ്പെട്ടിരുന്നു. എന്നാൽ അവരിൽ അധികം പേരും വെള്ള ഉടുപ്പ് മലിനമാക്കി കളഞ്ഞിരുന്നു. മലിന വസ്ത്രധാരികൾക്ക് കർത്താവിന്റെ സഭയുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കയില്ല. ഉടുപ്പ് മലിനപ്പെടുത്തിയവർ

ജയാളികളുടെ കൂട്ടത്തിൽ ഇല്ല. അവർക്ക് തോൽവിഭവിച്ചിരിക്കുകയാണ്. എന്നാൽ മാനസാന്തരപ്പെടുവാൻ അവർക്ക് അവസരം കൊടുത്തിരിക്കുകയാണ്. മാനസാന്തരപ്പെടാഞ്ഞാൽ അവരുടെ അനുഭവം എത്രയോ ശോചനീയമാണ്. 'അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്നു മായിച്ചു കളയും! എന്നാൽ "ജയിക്കുന്നവൻ വെള്ളയുടുപ്പുധരിക്കും. അവന്റെ പേർ ഞാൻ ജീവ പുസ്തകത്തിൽ നിന്നു മായിച്ചു കളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏററു പറയും." (വെളി. 3:5).

ജീവപുസ്തകത്തിൽ പേര് ഉള്ള ജയാളികളായ വെള്ളയുടുപ്പുധാരികൾ എത്ര ധന്യരും അനുഗ്രഹിക്കപ്പെട്ടവരുമെന്ന് ഓർക്കുമ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്ത വലിയ ആനന്ദം നമുക്ക് ഉണ്ടാകുന്നു. കർത്താവ് തന്റെ പിതാവായ ദൈവത്തിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവരെ പ്രശംസിക്കുന്നു. ഈ ലോകത്തിന്റെ പ്രശംസകൾ അനേകർക്ക് എത്രയോ ഊഷ്മളമായ അനുഭവമാണ്. എന്നാൽ അതിലും എത്രയോ അനർഘവും വിലയേറിയതുമായ ആനന്ദാനുഭൂതിയാണ് സ്വർഗ്ഗത്തിലെ ആ ധന്യമുഹൂർത്തം.

"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിട്ടു' (വെളി 20:15) ആ നശിക്കപ്പെട്ട അവസ്ഥ മനുഷ്യരിൽ ആരിലും വന്നു ഭവിക്കാതിരിപ്പാൻ ഉറക്കത്തിൽ നിന്നും, മയക്കത്തിൽ നിന്നും, അന്ധതയിൽ നിന്നും, ജഡിക മരണമാകുന്ന ഉറക്കത്തിൽ നിന്നും ഉണരാൻ കർത്താവ് ഏവരെയും ക്ഷണിക്കുന്നു. അവന്റെ ക്ഷണനം കേട്ടനുസരിപ്പാൻ 'ചെവിയുള്ളവൻ കേൾക്കട്ടെ? സ്നേഹിതാ! കർത്താവിന്റെ വിളിയുടെ നേരിയ ശബ്ദം, ലോകത്തിന്റെ ആർത്തിരമ്പലിൽ നിനക്ക് കേൾക്കാൻ കഴിയുന്നോ?

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9 : 00 to 9 : 15 P.M.
Fridays — 7 : 45 to 8 : 00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 : 45 to 1 : 00 P.M.
Tuesdays — 9 : 00 to 9 : 15 P.M.
Thursdays — 9 : 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2 : 30 to 2 : 45 P.M.
Tuesdays — 2 : 30 to 2 : 45 P.M.
Thursdays— 2 : 30 to 2 : 45 P.M.
Fridays — 2: 30 to 2 : 45 P.M.
Saturdays - 2: 30 to 2 : 45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5 : 30 to 5 : 45 P.M.
Thursdays — 6 : 45 to 7 : 00 P.M.
Sundays — 6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3 : 15 to 3 : 30 P.M.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays 1: 45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N)22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695034

To